# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 59** **09.02.2016 ൽ മറുപടിക്ക്**

## തീവണ്ടി യാത്രാ സൗകര്യം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ടി.എ. റഹീം<br>,, ഇ.പി.ജയരാജൻ<br>,, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>,, വി.ചെന്താമരാക്ഷൻ : | | ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | പാതയിരട്ടിപ്പിക്കൽ, വൈദ്യുതീകരണം തുടങ്ങി സംസ്ഥാന റെയിൽവേയുടെ വർഷങ്ങളായി തുടരുന്ന പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | സുഗമമായ യാത്രയ്ക്ക് അത്യന്താപേക്ഷിതമായ പാതയിരട്ടിപ്പിക്കൽ, വൈദ്യൂതീകരണം തുടങ്ങിയ കാര്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സാദ്ധ്യമാകാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | ആവശ്യത്തിന് ഫണ്ട് റെയിൽവേയിൽ നിന്നും കൃത്യമായി ലഭ്യമാകാത്തതിനാലും ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച തടസ്സങ്ങൾ അലൈൻമെന്റ് സംബന്ധിച്ച വിഷയങ്ങൾ നിർമ്മാണ പ്രവർത്തികൾക്ക് മണ്ണ് എടുക്കുന്നതും കൊണ്ടുപോകുന്നതും സംബന്ധിച്ച് പൊതുജനങ്ങളുടെ എതിർപ്പ്, കോടതി വ്യവഹാരങ്ങൾ തുടങ്ങിയവ റെയിൽവേ വികസനത്തെ ബാധിക്കുന്നതായി വിലയിരുത്തിയിട്ടുണ്ട്. |
| (സി) | ചാർജ്ജ് വർദ്ധനയിലൂടെയും മറ്റ് തരത്തിലും യാത്രക്കാർക്ക് വൻഭാരം അടിച്ചേല്പിക്കുമ്പോഴും സംസ്ഥാനത്തെ തീവണ്ടിയാത്രക്കാർക്ക് മിനിമം യാത്രാ സൗകര്യം ലഭ്യമാക്കുന്നതിന് സാദ്ധ്യമാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്തിന്റെ സമഗ്രമായ റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാം തന്നെ നടപ്പിലാക്കേണ്ടത് റെയിൽവേയാണ് സംസ്ഥാനത്തെ റെയിൽവേയിൽ നടപ്പാക്കേണ്ട പദ്ധതികൾ കണ്ടെത്തുന്നതിനും ആവിഷ്കരിക്കുന്നതിനും നിലവിൽ സംസ്ഥാന സർക്കാരിന് പ്രത്യേക സംവിധാനങ്ങൾ ഒന്നും ഇല്ല. |

| | | | |
|---|---|---|---|
| | | | എന്നാൽ കേരളത്തിലെ എം.പി മാരുൾപ്പെടെയുള്ള ജനപ്രതിനിധികൾ റെയിൽവേ പദ്ധതികൾ സംബന്ധിച്ച് സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ എല്ലാ വർഷവും ക്രോഡീകരിച്ചു പ്രത്യേക യോഗം ചേർന്ന് എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന മെമ്മോറാണ്ടം തയ്യാറാക്കി റെയിൽവേ ബഡ്ജറ്റിന് മുമ്പായി അവലോകനം ചെയ്ത് ടി ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ് സംസ്ഥാന ഗവൺമെന്റ് ചെയ്തുവരുന്നത്. |

സെക്ഷൻ ഓഫീസർ